# കേരള സർക്കാർ

നം. 11887/ജി2/03/തൊഴിൽ

തൊഴിലും പുനരധിവാസവും (ജി) വകുപ്പ്,
തിരുവനന്തപുരം, 25.10.2004

## സർക്കുലർ

വിഷയം:- തൊഴിൽ വകുപ്പ് - എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് (സി.എൻ.വി.) ആക്ട് 1959 - സർക്കാർ വകുപ്പുകൾ/പൊതുമേഖലാ സ്ഥാപനങ്ങൾ/ബോർഡുകൾ/കമ്പനികൾ/കോർപ്പറേഷനുകൾ തുടങ്ങിയവയിലുള്ള താല്ക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖാന്തിരം നടത്തുന്നതിനുള്ള നിർദ്ദേശം പുറപ്പെടുവിക്കുന്നു.

സൂചന:- (1) സർക്കാർ മെമ്മോറാണ്ടം നം. എസ്.ഡി.4/77757/61/പി.ഡി. തീയതി 28.1.62
(2) ഗവ. സർക്കുലർ നം. 27956/ജി2/81/എൽ.ബി.ആർ. തീയതി 27.4.1984
(3) ഗവ. സർക്കുലർ നം.11555/ബി.പി.ഇ./85/പ്ലാനിംഗ് തീയതി 13.6.85
(4) ഗവ. സർക്കുലർ നം.16025/ബി.പി.ഇ./85/പ്ലാനിംഗ് തീയതി 5.6.86
(5) ഗവ. സർക്കുലർ നം.39483/ജി2/87/എൽ.ബി.ആർ. തീയതി 5.1.88
(6) ഗവ. സർക്കുലർ നം.14896/ബി.പി.ഇ.2/91/പ്ലാനിംഗ് തീയതി 28.2.92

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് (സി.എൻ.വി.) ആക്ട് 1959 പ്രകാരം ഒഴിവുകൾ ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കുവാൻ ഉദ്യോഗദായകർ ബാദ്ധ്യസ്ഥരാണ്. ഇക്കാര്യം കർശനമായി പാലിക്കുന്നതിനുവേണ്ടി കാലാകാലങ്ങളിൽ പരാമർശ സർക്കുലറുകളിലൂടെ സർക്കാർ, വകുപ്പ് മേധാവികൾക്കും/സ്ഥാപനങ്ങളുടെ തലവൻമാർക്കും നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. എന്നാൽ ഈ അടുത്ത കാലത്ത് പല വകുപ്പുകളിലും/സ്ഥാപനങ്ങളിലും വകുപ്പ് മേധാവികളും/തലവൻമാരും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കാതെ താൽക്കാലിക നിയമനങ്ങൾ നടത്തുന്നതായി ധാരാളം പരാതികൾ ലഭിച്ചുവരികയാണ്. ഇതുമൂലം സംസ്ഥാനത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത് വർഷങ്ങളായി ഒരു ജോലിക്ക് കാത്തിരിക്കുന്ന അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ ലഭിക്കാതെ വരുകയും അടുത്ത കാലത്ത് പാസ്സാകുന്നവർക്ക് ജോലി ലഭിക്കുകയും ചെയ്യും. കൂടാതെ ഉദ്യോഗദായകർ നേരിട്ട് നിയമനം നടത്തുമ്പോൾ അവർ യാതൊരു സംവരണതത്വവും പാലിക്കുന്നതായി കാണുന്നില്ല. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്കാർക്ക് അർഹമായി ലഭിക്കേണ്ട തൊഴിലവസരങ്ങൾ ഇതുമൂലം നഷ്ടമാകുന്നു.

ഇക്കാര്യം ഗവൺമെന്റ് വളരെ ഗൗരവമായി കാണുന്നതിനാൽ സംസ്ഥാനത്തുള്ള സർക്കാർ വകുപ്പുകൾ/പൊതുമേഖലാ സ്ഥാപനങ്ങൾ/ ബോർഡുകൾ/ കമ്പനികൾ/ കോർപ്പറേഷനുകൾ/ സർക്കാർ ഗ്രാന്റിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിലുള്ള പബ്ലിക് സർവീസ് കമ്മീഷന്റെ പരിധിക്ക് പുറത്ത് വരുന്ന ഒഴിവുകൾ നികത്തുന്നത് ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന 1959 ലെ സി.എൻ.വി. ആക്ടിന്റെ വ്യവസ്ഥകൾക്ക് വിധേയമായി മാത്രമായിരിക്കേണ്ടതാണെന്ന് അറിയിക്കുന്നു. ഇതിന് വിപരീതമായി പ്രവർത്തിക്കുന്ന വകുപ്പ് മേധാവികൾക്കും/തലവൻമാർക്കുമെതിരെ കർശനമായ നടപടികൾ സ്വീകരിക്കുന്നതാണ്. ഈ നിർദ്ദേശം നടപ്പിലാക്കുന്നതിന് വകുപ്പ് മേധാവികളും/തലവൻമാരും വ്യക്തിഗതമായി ഉത്തരവാദികളായിരിക്കുമെന്നുള്ള വിവരം അറിയിച്ചുകൊള്ളുന്നു.

ഒപ്പ്
ബി. മോഹനൻ
അഡീഷണൽ സെക്രട്ടറി.

CS Scanned with CamScanner
CS Scanned with CamScanner

കേരള സർക്കാർ

No. PLGEA-BPE3/2/2017/PLGEA

ആസൂത്രണ സാമ്പത്തികകാര്യ (ബി.പി.ഇ.) വകുപ്പ്
തിരുവനന്തപുരം, തീയതി : 10.07.2019.

**പരിപത്രം**

വിഷയം : ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ് - പൊതുമേഖലാ സ്ഥാപനങ്ങളിലെ താല്ക്കാലിക നിയമനങ്ങളിൽ പാലിക്കേണ്ട നടപടിക്രമങ്ങൾ - സംബന്ധിച്ച്.

സൂചന : (1) 28.02.1992-ലെ 14896/ബി.പി.ഇ.2/91/പ്ലാനിംഗ് നമ്പർ സർക്കുലർ.
(2) 02-02-2019-ലെ PLGEA – BPE3/122/2016- PLGEA നമ്പർ സർക്കുലർ.

1. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സിക്ക് വിടുക എന്നത് സർക്കാരിന്റെ നയപരമായ തീരുമാനമാണ്. നിയമനങ്ങളിലെ അഴിമതിയും സ്വജന പക്ഷപാതവും അവസാനിപ്പിക്കുന്നതിനും സംവരണ തത്വങ്ങൾ നടപ്പാക്കുന്നതിനും ഇത് അത്യാവശ്യമാണ്.

2. എന്നാൽ ചില പൊതുമേഖലാ സ്ഥാപനങ്ങളിൽ നിയമനചട്ട രൂപീകരണത്തിലുള്ള കാലതാമസവും മറ്റ് ചില സാങ്കേതിക തടസ്സങ്ങളും കാരണം നിയമനം പി.എസ്.സി വഴിയല്ലാതെയും നടത്തിവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ അത്തരം ഒഴിവുകൾ സംവരണ തത്വം പാലിച്ചുകൊണ്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് [Compulsory Notification of Vacancies (CNV)] ആക്ട് 1959 പ്രകാരം സൂചന 1-ലെ സർക്കുലർ പ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നികത്തണമെന്നും നിഷ്കർഷിച്ചിരുന്നു. ആവശ്യമെങ്കിൽ, അതായത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിയ ശേഷം പ്രസ്തുത ഒഴിവുകളുടെ നോട്ടിഫിക്കേഷൻ ന്യൂസ് പേപ്പറിൽ പ്രസിദ്ധീകരിക്കുകയും ടി തിരഞ്ഞെടുപ്പിനായി കമ്പനിയുടെ ഡയറക്ടർ ബോർഡ് രൂപീകരിച്ച 3 അംഗങ്ങളിൽ കുറയാത്ത ഒരു കമ്മിറ്റി (അതിൽ ഒരംഗമെങ്കിലും സർക്കാർ പ്രതിനിധി) ഉണ്ടാകേണ്ടതാണെന്നും നിഷ്കർഷിച്ചിരുന്നു. പ്രസ്തുത തിരഞ്ഞെടുപ്പിലെ സാമുദായിക സംവരണം സർക്കാർ നിയമനങ്ങളിൽ നടത്തപ്പെടുന്നതുപോലെ Kerala Subordinate Service Rules Part-II പ്രകാരം തന്നെ ആയിരിക്കണമെന്നും പ്രസ്തുത സർക്കുലർ പ്രകാരം വ്യവസ്ഥ ചെയ്തിരുന്നു.

3. എന്നാൽ ചില പൊതുമേഖലാ സ്ഥാപനങ്ങളിൽ പ്രസ്തുത ചട്ടങ്ങൾ ലംഘിച്ചുകൊണ്ട് ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ റിപ്പോർട്ട് ചെയ്യാതെ സംവരണ തത്വങ്ങൾ അട്ടിമറിച്ചുകൊണ്ട് ദിവസ വേതനക്കാരെ നിയമിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

Scanned with CamScanner

4. സർക്കാർ ഈ വിഷയം വളരെ ഗൗരവമായി കാണുന്നു. നിയമനങ്ങൾ പി.എസ്.സിക്ക് വിടുന്നതിന്റെ ഭാഗമായി നിയമന ചട്ടങ്ങൾ രൂപീകരിക്കേണ്ടതാണ്. എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും സമയബന്ധിതമായി അവ രൂപീകരിക്കുന്നതിനും, പ്രസ്തുത നിയമനച്ചട്ട രൂപീകരണത്തിന് മുമ്പും, കൂടാതെ മറ്റ് സാങ്കേതിക കാരണങ്ങളാലും ഉണ്ടാകുന്ന ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി മാത്രം നികത്തേണ്ടതാണ്. പ്രസ്തുത എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയാൽ മാത്രം ന്യൂസ് പേപ്പറിൽ പരസ്യം ചെയ്തശേഷം സെലക്ട് കമ്മിറ്റി ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കേണ്ടതാണ്. മേൽ നിർദ്ദേശങ്ങൾ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെയും മേധാവികളും കർശനമായി പാലിക്കേണ്ടതാണ്. ഇക്കാര്യത്തിൽ അതാത് ഭരണവകുപ്പുകൾ ശ്രദ്ധിക്കേണ്ടതുമാണ്.

ഡോ. എ. ജയതിലക്
പ്രിൻസിപ്പൽ സെക്രട്ടറി

1. എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും.
2. എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലെയും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർക്കും /മാനേജിംഗ് ഡയറക്ടർമാർക്കും
3. സെക്രട്ടറി, നിയമസഭ സെക്രട്ടേറിയറ്റ് (ആമുഖ കത്ത് സഹിതം)
4. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം)
5. സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ ഭരണ വകുപ്പുകൾക്കും
6. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (സർക്കാർ വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിന്)
7. വിവര പൊതുജന സമ്പർക്ക ഡയറക്ടർക്ക് (പത്രമാധ്യമങ്ങളിലൂടെ വിപുലമായ പ്രചാരണത്തിന്)
8. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

...ned with CamScanner

കൂടി ആ കുറ്റം സംബന്ധിച്ച വ്യാജമാണെന്ന് താൻ അറിയുന്നതോ അല്ലെങ്കിൽ വിശ്വസിക്കുന്നതോ ആയ ഏതെങ്കിലും വിവരം നൽകുകയോ ചെയ്യുന്നത്, ആ ആൾ ആ കുറ്റത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ള ശിക്ഷ നൽകി ശിക്ഷിക്കപ്പെടുന്നതും; അല്ലെങ്കിൽ

(vii) ഒരു പബ്ലിക് സർവന്റ് ആയിരിക്കെ ഈ വകുപ്പുപ്രകാരമുള്ള ഏതെങ്കിലും കുറ്റം ചെയ്യുന്നത്, ആ ആൾ ഒരു വർഷത്തിൽ കുറയാത്തതും എന്നാൽ ആ കുറ്റത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ള ശിക്ഷയുടെ കാലത്തോളം ആകാവുന്നതുമായ ഒരു കാലത്തേക്ക് തടവുശിക്ഷ നൽകി ശിക്ഷിക്കപ്പെടുന്നതും,

ആണ്.

*കർത്തവ്യങ്ങളിൽ ഉപേക്ഷ കാണിക്കുന്നതിനുള്ള ശിക്ഷ*

4. ഒരു പബ്ലിക് സർവന്റ് ആയിരിക്കുകയും എന്നാൽ പട്ടികജാതിയിലെയോ പട്ടികഗോത്രവർഗ്ഗത്തിലെയോ ഒരു അംഗം അല്ലാത്തതുമായ ഏതൊരാളാണോ ഈ ആക്റ്റുപ്രകാരം അയാൾ ചെയ്യേണ്ടതാണെന്ന് ആവശ്യപ്പെട്ടിട്ടുള്ള അയാളുടെ കർത്തവ്യങ്ങളിൽ മനഃപൂർവ്വം ഉപേക്ഷ കാണിക്കുന്നത് ആ ആൾ ആറുമാസത്തിൽ കുറയാത്തതും എന്നാൽ ഒരു വർഷത്തോളമാകാവുന്നതുമായ ഒരു കാലത്തേക്ക് തടവുശിക്ഷ നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

*പിന്നീടുള്ള കുറ്റസ്ഥാപനത്തിനുള്ള ശിക്ഷ*

5. ഈ അദ്ധ്യായത്തിൻകീഴിൽ ഒരു കുറ്റത്തിന് നേരത്തെ കുറ്റസ്ഥാപനം ചെയ്യപ്പെട്ടിട്ടുള്ള ശേഷം രണ്ടാമത്തെ കുറ്റത്തിനോ രണ്ടാമത്തെ കുറ്റത്തിനുശേഷമുള്ള ഏതെങ്കിലും കുറ്റത്തിനോ കുറ്റസ്ഥാപനം ചെയ്യപ്പെടുന്നത് ഏതൊരാളാണോ ആ ആൾ ഒരു വർഷത്തിൽ കുറയാത്തതും എന്നാൽ ആ കുറ്റത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ള ശിക്ഷയുടെ കാലത്തോളമാകാവുന്നതുമായ ഒരു കാലത്തേക്ക് തടവുശിക്ഷ നൽകി ശിക്ഷിക്കപ്പെടുന്നതാണ്.



*ഇന്ത്യൻ ശിക്ഷാനിയമസംഹിതയിലെ ചില വ്യവസ്ഥകൾ ബാധകമാക്കുന്നത്*

6. ഈ ആക്റ്റിലെ മറ്റു വ്യവസ്ഥകൾക്ക് വിധേയമായി, ഇന്ത്യൻ ശിക്ഷാ നിയമസംഹിതയിലെ 34-ാം വകുപ്പ്, അദ്ധ്യായം III, അദ്ധ്യായം IV, അദ്ധ്യായം V, അദ്ധ്യായം Vക 149-ാം വകുപ്പ്, അദ്ധ്യായം XXIII, ഇവയിലെ വ്യവസ്ഥകൾ ഇൻഡ്യൻ ശിക്ഷാ നിയമസംഹിതയുടെ ആവശ്യങ്ങൾക്ക് അവ എങ്ങനെ ബാധകമാകുന്നുവോ അതുപോലെ ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്ക്, കഴിയുന്നിടത്തോളം, ബാധകമാകുന്നതാണ്.

*ചില ആളുകളുടെ വസ്തു കണ്ടുകെട്ടുന്നത്*

7. (1) ഈ അദ്ധ്യായത്തിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുറ്റത്തിന് ഒരാൾ കുറ്റസ്ഥാപനം ചെയ്യപ്പെട്ടിരിക്കുമ്പോൾ, സ്പെഷ്യൽ കോടതിക്ക്, ഏതെങ്കിലും ശിക്ഷ വിധിക്കുന്നതിനു...